**വിക്ടേർസ് ചാനലിൽ വന്ന മലയാളം ക്ലാസുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും**

**15-10-2020**

**കേരള പാഠാവലി- X**

**വിശ്വരൂപം -02**

◎ മുൻ ക്ലാസിലെ ആശയങ്ങളും നൽകിയ തുടർ പ്രവർത്തനങ്ങളും ഓർമ്മപ്പെടുത്തി.

■ പ്രവേശകമായി നൽകിയ കവിതാശകലത്തിന്റെ സമകാലിക പ്രസക്തി കണ്ടെത്തി കുറിപ്പ് തയ്യാറാക്കൽ.
■ ലളിതാംബിക അന്തർജനം - ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ.

◎ കഥാസന്ദർഭങ്ങൾ വിവരിച്ച് കൊണ്ട് കഥയിലൂടെ ഒരു സഞ്ചാരം നടത്തി.

▶ മിസ്സിസ് തലത്തിനെ അന്വേഷിച്ച് കൊണ്ട് ഗ്രാമത്തിലെ വീട്ടിലേക്കെത്തുന്ന സുധീർ എന്ന കഥാപാത്രം .
▶ തനിക്ക് വീട് മാറിപ്പോയോ എന്ന് അയാൾക്ക് സംശയം ഉണ്ടാകുന്ന രീതിയിലുള്ള വീടിന്റെ ചിത്രം.
🏠 ഇടുങ്ങിയ വഴിയുടെ വക്കിൽ ഒരു ചെറിയ വീട്. മുറ്റത്ത് തുളസിത്തറ, ചെത്തിയും മന്ദാരവും തുളസിയും കാടുപോലെ വച്ചു പിടിപ്പിച്ചിരിക്കുന്നു.
▶ വാതിൽ തുറന്ന് പ്രത്യക്ഷപ്പെടുന്ന
മിസ്സിസ് തലത്ത് എന്ന കഥാപാത്രം.
 നരച്ച തല, കൃശമായ ശരീരം, നെറ്റിയിൽ ഭസ്മക്കുറി, കഴുത്തിൽ രുദ്രാക്ഷമാല.
▶ രൂപഭാവങ്ങളിൽ മിസിസ്സ് തലത്തിന് സംഭവിച്ച മാറ്റം കാരണം ശങ്കിച്ചു നിൽക്കുന്ന സുധീർ.
▶ രൂപം കൊണ്ട് തിരിച്ചറിയാത്ത അവർ ശബ്ദത്തിലൂടെ തിരിച്ചറിയുന്നതും പരസ്പരം സ്നേഹ വാത്സല്യങ്ങൾ പങ്കു വെക്കുകയും ചെയ്യുന്നത്.
♡ ആ വൃദ്ധ ആകെ വിറച്ചിരുന്നു. അവരുടെ ആലിംഗനത്തിൽ പെട്ട് അയാൾക്ക് ശ്വാസം മുട്ടി. പിടിവിട്ടാൽ പോയ്ക്കളയുമോ എന്ന് പേടിച്ചിട്ടെന്ന വിധം മുറുകെ മുറുകെ അവർ അയാളെ തഴുകി.
കണ്ണുകളിൽ നിന്നും നീർ ഒഴുകിയൊഴുകി വീണു. അവരുടേത് അയാളുടെ തലയിലും അയാളുടേത് അവരുടെ തോളിലും .
❤ രണ്ടു പേർക്കും പ്രിയപ്പെട്ടതായിരുന്നതും തങ്ങളെ കൂട്ടിയിണക്കുന്നതുമായ ഒരു വ്യക്തിയുടെ (മിസ്റ്റർ തലത്ത് ) സ്മരണ ആ കണ്ണീരിനിടയിലൂടെ ഒലിച്ചിറങ്ങി.
▶ സുധീർ തന്റെ ജോലിത്തിരക്കുകൾ, മിസ്റ്റർ തലത്ത് മരിച്ചതിന് ശേഷമുള്ള ഔദ്യോഗിക ജീവിതം എന്നിവയെ കുറിച്ച് വിശദീകരിക്കുന്നത്.
▶ മിസ്റ്റർ തലത്തിന്റെ അഭാവത്തിൽ തനിക്ക് സംഭവിച്ച മാറ്റങ്ങളെ കുറിച്ച് മിസ്സിസ് തലത്ത് പറയുന്ന കാര്യങ്ങൾ.

😊 നിനക്ക് പുതിയ ജോലികൾ പുതിയ യജമാനൻമാർ എന്നിവ കിട്ടി. എനിക്കോ, എന്റെ യജമാനൻ മാറ്റമായിപ്പോയി. പക്ഷേ എന്നെ കൊണ്ടു പോയില്ല.എന്നിട്ടും ഞാൻ ജീവിക്കുന്നു. നീയിത് കാണുന്നുവല്ലോ.

▶ മിസ്സിസ് തലത്തിന്റെ സൈഥര്യത്തെ കുറിച്ചുള്ള സുധീറിന്റെ ആലോചനകൾ.

♕ ചക്രർത്തിനിയുടെ ജന്മമാണവർക്ക്. ആരുടെ മുന്നിലും തല കുനിക്കില്ല.

▶ ദീർഘനാള കഴിഞ്ഞുള്ള കണ്ടുമുട്ടലിന്റെ വൈകാരിക വേലിയേറ്റങ്ങളൊക്കെ കഴിഞ്ഞ് മിസിസ്സ് തലത്ത് നല്ല ഒരു ആതിഥേയയുടെ ഗൗരവബോധത്തിലേക്ക് മാറുന്നത്.

▶ സ്വന്തം കൈ കൊണ്ട് പാകം ചെയ്ത കാപ്പിയും നെയ്യപ്പവും സുധീറിന് നൽകുന്നത്.

▶ ആ സന്ദർഭം സുധീറിന്റെ മനസ്സിൽ സ്വന്തം അമ്മയുടെ ഓർമ്മകൾ ഉണർത്തുന്നത്.

▶ പരിചിത വലയങ്ങളിലെല്ലാം പ്രസിദ്ധമായിരുന്ന , മിസ്സിസ് തലത്തിന്റെ സ്വീകരണ മുറിയെ കുറിച്ചും വേഷത്തിലും ഭാവത്തിലും നടപ്പിലും ഒരു മഹാറാണിയുടെ അന്തസ്സ പുലർത്തിയിരുന്ന അവരുടെ പൂർവ കാല ജീവിതത്തെ കുറിച്ചും സുധീർ ഓർമ്മിക്കുന്നത്.

▶ ജോലിയിൽ പ്രവേശിക്കുന്ന ആദ്യ ദിവസം മിസ്റ്റർ തലത്ത് തന്നെ പരിചയപ്പെടുത്തിക്കൊണ്ട് മിസ്സിസ് തലത്തിനോട് പറഞ്ഞ വാക്കുകൾ സുധീർ സ്മരിക്കുന്ന ഭാഗം.

🍁 നോക്കു, നമുക്ക് അഞ്ചാമതൊരു കുട്ടി കൂടിയുണ്ടായിരിക്കുന്നു. പക്ഷേ ഒരു വ്യത്യാസമുണ്ട് ഇവൻ കുറച്ചു നാൾ നമ്മോടു കൂടി താമസിക്കും.

▶ മിസിസ്റ്റ് തലത്തിന്റെ നാലുമക്കളും ലോകത്തിന്റെ വിവിധ കോണികളിലാണെന്ന കഥയിലെ സൂചന.

▶ തികച്ചും ഔപചാരികമായ ഒരു ജീവിതം നയിച്ചിരുന്ന മിസ്സിസ് തലത്ത് എന്ന ലേഡിയുടെ പഴകാല പ്രൗഢിയെ കുറിച്ചും അവരുടെ ജീവിത ചുറ്റുപാടുകളെ കുറിച്ചുമുള്ള സുധീറിന്റെ ആലോചനകൾ.

■ സ്വന്തം കുട്ടികളെ മുലയൂട്ടുകയാ അവർക്ക് താരാട്ടു പാടി കൊടുക്കുകയോ ചെയ്തിട്ടില്ല.

■ അവരെ ശാസിക്കുകയോ ശുശ്രൂഷിക്കുകയോ ചെയ്തിട്ടില്ല.

■ അലങ്കരിച്ച ബൊമ്മകൾക്കെന്ന പോലെ ഇടയ്ക്ക് മക്കൾക്ക് ഉമ്മ നൽകാൻ മാത്രം അവർ വരും.

■ വിദേശത്ത് ക്ലബ്ബുകളിലും നാടകശാലകളിലും അവർ പറന്നു നടന്നു.

■ പൗരസ്ത്യ സംസ്കാരം പൂർണമായും മറന്ന ഒരു ലേഡിയായി ഒരു യജമാന ത്തിയെ പോലെ അവർ ജീവിച്ചു.

▶ ആദ്യമായി മിസ്സിസ് തലത്തിന് കൈ നൽകിയപ്പോൾ അന്ന് ഒരു യജമാനത്തിയുടെ അകൽച്ച അവർ പാലിച്ചതും, ഇന്ന് ആ കൈകൾ പിടിച്ചപ്പോൾ അവയിൽ സ്നേഹത്തിന്റെ ചൂട് അനുഭവിച്ചതും സുധീർ തിരിച്ചറിയുന്നത്.

▶ കാപ്പി കഴിച്ചു കൊണ്ടിരിക്കുമ്പോൾ പഴയ പ്രൗഢയായ വനിതയിൽ നിന്നും മിസ്സിസ് തലത്ത് അമ്മ ഭാവത്തിലേക്ക് മാറുന്നത് സുധീർ മനസ്സിലാക്കുന്നത്.

▶ പണ്ട് താൻ തിരിച്ചറിയാതെ പോയ ഒരു ജീവിത സത്യം മിസ്സിസ് തലത്ത് ഇപ്പോൾ ഉൾക്കൊള്ളുന്നു എന്ന് തെളിയിക്കുന്ന സംഭാഷണം.

ഭാരത സ്ത്രീകൾ എത്ര ഭാഗ്യമുള്ളവരായിരുന്നു ! അവർ കൊടുക്കുവാൻ മാത്രമേ പഠിച്ചിരുന്നുള്ളൂ. കൊടുക്കുന്നതിൽ നിന്നും മാത്രം എല്ലാം നേടി. അതുകൊണ്ടാണ് അവർ എപ്പോഴും സംതൃപ്തരായിരിക്കുന്നത്.
(ഡോ: തലത്ത് പറയുന്ന വാക്കുകൾ)

▶ സ്നേഹവും വാത്സല്യവും പരിഗണനയും നൽകേണയാണെന്നും . അവ നൽകുന്നതിനാൽ യാതൊരു നഷ്ടവും സംഭവിക്കുന്നില്ലെന്നും. നൽകലാണ് നേട്ടമെന്നുമുള്ള വലിയ പാഠം മിസിസ്സ്  തലത്ത് സ്വജീവിതത്തിലേക്ക് പകർത്തുന്നു എന്ന് തിരിച്ചറിയുന്ന നിമിഷങ്ങൾ.

തുടർ പ്രവർത്തനങ്ങൾ-

1. കാലത്തിനും ദേശത്തിനും അനുസരിച്ച് ജീവിതം സ്വയം രൂപപ്പെടുകയാണ്.

ജീവിതത്തെ കുറിച്ചുള്ള സുധീറിന്റെ ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? കുറിപ്പ് തയ്യാറാക്കുക.

2. നോക്കൂ, നമുക്ക് അഞ്ചാമതൊരു കുട്ടിയുണ്ടായിരിക്കുന്നു. ഒരു മകൻ. പക്ഷേ വ്യത്യാസമുണ്ട്. ഇവൻ കുറച്ചു നാൾ നമ്മോട്ടു കൂടി താമസിക്കും.

ഇ ന പറയാൻ ഡാ : ത ത്തി ന ര്പരിപ്പി ജീവിത പശ് ത്ത ം എന്താണ്. ക ണ്ടത്തി റ പ്പ ക.